## Kerala Prisons & Correctional Services Department

ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം - 12
ഫോൺ : 0471-2342532
ഇമെയിൽ : keralaprisons@gov.in
തീയതി : 08-09-2017

**സർക്കുലർ നം 31/17**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുഞ്ഞുങ്ങളുടെ സർവ്വോൻമുഖമായ കഴിവുകൾ വികസപ്പിക്കുന്നതിനുതകുന്ന കളിപ്പാട്ടങ്ങൾ കുറഞ്ഞ ചെലവിൽ ജയിൽ വകുപ്പിൻെറ സഹകരണത്തോടുകൂടി നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി ആരംഭിക്കുന്നതിലേക്കായി തിരുവനന്തപുരം, ചൈൽഡ് ഡെവലപ്മെൻറ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നു (പകർപ്പ് അന്യത്ര). ടി പദ്ധതിയുമായി സഹകരിക്കുന്നത് ജയിൽ അന്തേവാസികൾക്ക് പുതിയ ഒരു തൊഴിൽ മേഖലയിൽ പരിശീലനം ലഭിക്കുന്നതിനും അവർക്ക് ജയിലുകളിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകുന്നതിനും പ്രയോജനകരമായതിനാൽ നിലവിൽ കാർപെൻററി യൂണിറ്റുകൾ പ്രവർത്തിക്കുന്ന സെൻട്രൽ ജയിലുകളിലും തുറന്നജയിലുകളിലും ടി പദ്ധതി തിരുവനന്തപുരം ചെൽഡ് ഡെവലപ്മെൻറ് സെൻററുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉടൻ തന്നെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കളിക്കോപ്പുകളുടെ നിർമ്മാണത്തിന് ശേഷം അതിന്റെ ഉദ്ഘാടനവും പ്രദർശനവും നടത്തുന്നതായിരിക്കും. അതിനാൽ പദ്ധതിയുടെ പുരോഗതിയും വിജയകരമായ നടത്തിപ്പും അതാതു സൂപ്രണ്ടുമാർ മേൽനോട്ടം വഹിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ് : സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം,
തിരുവനന്തപുരം / വിയ്യൂർ / കണ്ണൂർ,
ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോം,
നെട്ടുകാൽത്തേരി.

പകർപ്പ് : ഡി.ഐ.ജി, ദക്ഷിണമെഖല/മധ്യമേഖല/ഉത്തരമേഖല

G1-18399/2017/PrHQ

205547